LIBRARY ARCHIVES Kerala Legislative Assembly

വീരശൈവ വിഭാഗത്തിന് ഒ.ബി.സി. സർട്ടിഫിക്കറ്റ് നൽകാൻ നടപടി

94 (3800) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത പപ്പടനിർമ്മാണ തൊഴിലിലേർപ്പെട്ടിരിക്കുന്ന കുരുക്കൾ/ഗുരുക്കൾ/ചെട്ടി/ചെട്ടിയാർ എന്നീ വിഭാഗത്തിന് വീരശൈവ ഒ.ബി.സി. സർട്ടിഫിക്കറ്റ് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; ഇതുസംബന്ധിച്ച് ഗസറ്റ് വിജ്ഞാപന നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

&

(ബി) കുരുക്കൾ/ഗുരുക്കൾ/ചെട്ടി/ചെട്ടിയാർ എന്നീ വിഭാഗക്കാരെ വീരശൈവ ഒ.ബി.സി.-യായി പരിഗണിക്കണമെന്ന് പിന്നാക്ക സമുദായ ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതി (2016-2019)-യുടെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശ പ്രകാരം സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

പരമ്പരാഗത പപ്പട നിർമ്മാണ തൊഴിലിലേർപ്പെട്ടിരിക്കുന്ന കുരുക്കൾ/ഗുരുക്കൾ/ചെട്ടി/ചെട്ടിയാർ എന്നീ വീരശൈവയിലെ അവാന്തര വിഭാഗങ്ങൾക്ക് ഒ.ബി.സി. പദവി നൽകുന്ന വിഷയം പിന്നാക്കവിഭാഗ കമ്മീഷന്റെ 88/സി/2009/കെ.എസ്.സി.ബി.സി. എന്ന ഫയലിൽ പരിശോധിച്ചുവരുന്നു. ഇതുസംബന്ധിച്ച് കമ്മീഷൻ നടത്തിവന്നിരുന്ന സിറ്റിംഗുകൾ 22-7-2021-ന് പൂർത്തിയായിട്ടുണ്ട്. ഉപദേശം സർക്കാരിൽ ലഭിച്ചിട്ടില്ല.

(സി) മുന്നാക്ക വിഭാഗത്തിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുടെ പട്ടികയിൽ പ്രസ്തുത വിഭാഗക്കാരെ ഉൾപ്പെടുത്തിയത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ നിലവിലുള്ള സംവരണേതര വിഭാഗങ്ങളുടെ പട്ടിക അംഗീകരിച്ച് 3-6-2021-ലെ സ.ഉ.(എം.എസ്) 114/2021/പൊ.ഭ.വ. പ്രകാരവും കൂടാതെ ടി പട്ടികയിൽ പിന്നീട് ശൈവവെള്ളാള (പാലക്കാട് ജില്ല ഒഴികെ) വിഭാഗത്തെ ഉൾപ്പെടുത്തിക്കൊണ്ടും ഉത്തരവായിരുന്നു. ടി പട്ടികയിൽ കുരുക്കൾ/ഗുരുക്കൾ/ചെട്ടിയാർ എന്നീ വിഭാഗങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്.